# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4027 11.11.2019-ൽ മറുപടിക്ക്

## ഗൈഡുകളുടെ ഒഴിവുകൾ

**ചോദ്യം**

ശ്രീ.കെ. ആൻസലൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിൽ പി.എസ്.സി. വഴി ഗൈഡിനെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിൽ പി.എസ്.സി വഴി ഗൈഡിനെ നിയമിച്ചിട്ടുണ്ട്. 1987-ൽ ഒരു ജീവനക്കാരെ പി.എസ്.സി മുഖേന (Special recruitment) നിയമിച്ചിരുന്നു. |
| (ബി) | എത്ര ഗൈഡുകളുടെ ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കാമോ; | (ബി) | പുരാവസ്തു വകുപ്പിൽ നിലവിൽ ഗൈഡ് തസ്തികയിൽ ഒഴിവുകൾ ഇല്ല. |
| (സി) | ഗൈഡ് നിയമനത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; | (സി) | മ്യൂസിയം ഗൈഡ് തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന്<br>1. അംഗീകൃത സർവ്വകലാശാല ബിരുദം<br>2. കേന്ദ്ര / കേരള സർക്കാർ അംഗീകൃത ടൂറിസം ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ്.<br>3. ഇംഗ്ലീഷിലും ഹിന്ദിയിലും ആശയവിനിമയം നടത്താനുള്ള കഴിവ് (കുറിപ്പ് : ടി യോഗ്യത കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരിശോധിക്കുന്നതാണ്) എന്നിവയാണ് യോഗ്യതകൾ<br>തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് എസ്.എസ്.എൽ.സി / തത്തുല്യയോഗ്യതയും ഇംഗ്ലീഷിലും ഹിന്ദിയിലും ആശയവിനിമയം നടത്താനുള്ള കഴിവ് എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. |
| (ഡി) | ഗൈഡുമാരെ നിയമിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) | ഗൈഡുമാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**